


# വേദപുസ്തകം

## നീതി, കരുണ, സത്യം സംസാരിക്കാനുള്ള ധൈര്യം

നാഷണൽ കത്തീഡ്രലിന്റെ ഉദ്ഘാടന പ്രാർത്ഥനാശുശ്രൂഷയിൽ തന്റെ ശക്തമായ പ്രസംഗത്തിലൂടെ റൈറ്റ് റവ. മാരിയൻ എഡ്ഗാർ ബഡി വാർത്തകളിൽ ഇടം നേടി. പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെ അഭിസംബോധന ചെയ്തുകൊണ്ട്, സമൂഹത്തോട് അനുകമ്പയും ജീവന് ഭീഷണിയായി ജീവിക്കുന്ന കുടിയേറ്റക്കാരോട് കരുണയും കാണിക്കണമെന്ന് അവർ ആഹ്വാനം ചെയ്തു. ‘നമ്മുടെ ദൈവം നമ്മെ പഠിപ്പിക്കുന്നത് അപരിചിതരോട് കരുണ കാണിക്കണമെന്നാണ്; കാരണം നമ്മൾ ഒരിക്കൽ ഈ നാട്ടിൽ അപരിചിതരായിരുന്നു.’ അവർ പ്രഖ്യാപിച്ചു.

ബിഷപ്പിന്റെ ധീരമായ അഭ്യർത്ഥന ബൈബിളിൽ വേരൂന്നിയ ഒരു ജീവിതം ഉറപ്പിക്കുന്ന ദൈവശാസ്ത്രത്തെ പ്രതിഫലിപ്പിക്കുന്നു. അത് നീതിപൂർവ്വം പ്രവർത്തിക്കാനും കരുണയെ സ്നേഹിക്കാനും ദൈവത്തോടൊപ്പം എളിമയോടെ നടക്കാനും നമ്മെ വിളിക്കുന്നു (മീഖാ 6:8). ക്രിസ്ത്യാനിയാണെന്ന് അവകാശപ്പെടുന്ന പ്രസിഡന്റ് ട്രംപ് തന്റെ കാലാവധിയുടെ തുടക്കത്തിൽ അനുഗ്രഹങ്ങൾ തേടിയപ്പോൾ പലരും പ്രശംസിച്ച ഒരു പ്രവൃത്തി ബിഷപ്പ് ബഡി സുവിശേഷത്തിന്റെ കരുണയുടെയും നീതിയുടെയും കേന്ദ്രമൂല്യങ്ങൾ ഉൾക്കൊള്ളാൻ അദ്ദേഹത്തെ വെല്ലുവിളിക്കാൻ അവസരം ഉപയോഗിച്ചു. ഈ പ്രവചനനിലപാട് ആഴത്തിൽ ബൈബിൾപരമാണ്. ദാവീദ് രാജാവിനോട് പാപത്തിന്റെ സത്യം തുറന്നു പറഞ്ഞ പ്രവാചകനായ നാഥാനെപ്പോലെ (2 ശമുവേൽ 12:1–15), അധികാരത്തോട് സത്യം സംസാരിക്കാനുള്ള ധൈര്യം ബിഷപ്പ് ബുഡ്ഡെ ഉദാഹരിക്കുന്നു. നീതിക്കും കാരുണ്യത്തിനും വേണ്ടിയുള്ള തിരുവെഴുത്തുകളുടെ ശാശ്വതമായ ആഹ്വാനത്തിലാണ് ബിഷപ്പിന്റെ സന്ദേശം അധിഷ്ഠിതമായിരിക്കുന്നത്.

ലേവ്യപുസ്തകം 19:34: നിങ്ങളുടെ ഇടയിൽ താമസിക്കുന്ന പരദേശിയെ നിങ്ങളുടെ സ്വദേശിയെപ്പോലെ പരിഗണിക്കണം. ഈജിപ്തിൽ നിങ്ങൾ പരദേശികളായിരുന്നതിനാൽ അവരെ നിങ്ങളെപ്പോലെ സ്നേഹിക്കണം. ആവർത്തനപുസ്തകം 10:19: നിങ്ങൾ ഈജിപ്തിൽ പരദേശികളായിരുന്നതിനാൽ വിദേശികളെ സ്നേഹിക്കണം.

ഗലാത്യർ 3:28: യഹൂദനെന്നോ വിജാതീയനെന്നോ ഇല്ല, അടിമയെന്നോ സ്വതന്ത്രനെന്നോ ഇല്ല, ആണെന്നോ പെണ്ണെന്നോ ഇല്ല, കാരണം നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നാണ്. എല്ലാ മനുഷ്യരും ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവരാണെന്നും (ഉല്പത്തി 1:27) അവർ മാന്യത, സ്നേഹം, നീതി എന്നിവ അർഹിക്കുന്നുവെന്നും ഈ വാക്യങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

**തിരുവെഴുത്ത് ദുരുപയോഗം ചെയ്യുന്നതിന്റെ അപകടം**

അടിച്ചമർത്തലിനെ ന്യായീകരിക്കാൻ തിരുവെഴുത്ത് ഉപയോഗിക്കുന്നതിനെതിരെ ചരിത്രം നമുക്ക് മുന്നറിയിപ്പ് നൽകുന്നു. ദക്ഷിണാഫ്രിക്കയിലെ വർണ്ണവിവേചനം: ഹാമിന്റെ ശാപം (ഉല്പത്തി 9:18–27), ബാബേൽ ഗോപുരം (ഉല്പത്തി 11:19) തുടങ്ങിയ വാചകങ്ങൾ വംശീയ വേർതിരിവിനെ പിന്തുണയ്ക്കുന്നതിനായി വളച്ചൊടിച്ചു.

റോമർ 13:17: അധികാരികളോടുള്ള അനുസരണത്തെക്കുറിച്ചുള്ള ഈ ഭാഗം അന്യായമായ വർണ്ണവിവേചന നിയമങ്ങൾ സംരക്ഷിക്കുന്നതിനായി തെറ്റായി പ്രയോഗിച്ചു. ഈ വൈകല്യങ്ങൾ ബൈബിളിന്റെ വിമോചനത്തിന്റെയും സമത്വത്തിന്റെയും സമഗ്രമായ വിവരണത്തെ അവഗണിച്ചു. ഡെസ്മണ്ട് ടുട്ടുവിനെപ്പോലുള്ള നേതാക്കൾ അത്തരം ദുരുപയോഗത്തെ



ധീരമായി അപലപിച്ചു, മറ്റുള്ളവരെ മനുഷ്യത്വരഹിതമാക്കുന്ന സംവിധാനങ്ങളെ തകർക്കാൻ തിരുവെഴുത്ത് നമ്മെ വിളിക്കുന്നുവെന്ന് സ്ഥിരീകരിച്ചു.

**പ്രത്യാശയുടെയും വിമോചനത്തിന്റെയും ദൈവശാസ്ത്രം**

സാംസ്കാരിക പക്ഷപാതങ്ങൾക്ക് മുകളിൽ ഉയർന്നുവരാനും സമത്വം സ്വീകരിക്കാനും ബൈബിൾ നമ്മെ വെല്ലുവിളിക്കുന്നു. അടിമത്തം നിർത്തലാക്കാൻ പോരാടിയ വില്യം വിൽബർഫോഴ്സിനെപ്പോലുള്ള വ്യക്തികൾ, ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ലെൻസിലൂടെ വായിക്കുമ്പോൾ തിരുവെഴുത്തിന്റെ പരിവർത്തനശക്തി പ്രകടമാക്കുന്നു. പൗലോസ് പ്രഖ്യാപിച്ചതുപോലെ: പ്രവൃത്തികൾ 17:26: 'അവൻ ഒരു മനുഷ്യനിൽനിന്ന് എല്ലാ ജനതകളെയും സൃഷ്ടിച്ചു... അവരുടെ നിശ്ചിത സമയങ്ങളും അവരുടെ ദേശങ്ങളുടെ അതിരുകളും നിശ്ചയിച്ചു.'

ക്രിസ്ത്യാനികളെന്ന നിലയിൽ, നാം സ്വയം ചോദിക്കണം: മുൻവിധിയെ ന്യായീകരിക്കാനോ, നമ്മുടെ ഹൃദയങ്ങളെയും ചുറ്റുമുള്ള ലോകത്തെയും രൂപാന്തരപ്പെടുത്താനോ ആണോ നാം ബൈബിൾ വായിക്കുന്നത്? തിരുവെഴുത്തുകളുടെ മനുഷ്യവൈകല്യങ്ങളല്ല, ദൈവത്തിന്റെ നീതിയുടെയും കരുണയുടെയും താളവുമായി പൊരുത്തപ്പെടാൻ വിശ്വാസം നമ്മെ നിർബന്ധിക്കുന്നു.

ട്രംപിനെ ന്യായികരിച്ച് സംസാരിച്ച വൈദികരുടെയും എതിർത്തവരുടേയും പ്രതികരണങ്ങളുടെ പശ്ചാത്തലത്തിലാണ് ഞങ്ങൾ ഈ ചർച്ച ഇവിടെ ക്രമീകരിക്കുന്നത്.വായനക്കാർക്കും പ്രതികരിക്കാം. ട്രംപിന്റെ നിലപാടിനെ ന്യായീകരിക്കുന്നവർ വേദപുസ്തകാടിസ്ഥാനത്തിൽ വിശദീകരിക്കണം. പേര്, ഫോട്ടോ, മൊബൈൽ നമ്പർ തുടങ്ങിയവ ഉണ്ടായിരിക്കണം. മൂന്നൂറ് വാക്കുകളിൽ കൂടരുത്. മലയാളത്തിൽ ടൈപ്പ് ചെയ്ത് newvisionmagazine@gmail.com എന്ന ഈ മെയിലിലിലോ 8075437478 എന്ന വാട്ട്സ് ആപ് നമ്പറിലോ അയക്കുക.

**ഡോ. മാത്യു കോശി പുന്നയ്ക്കാട്** (എഡിറ്റർ)

# മനുഷ്യാവകാശങ്ങൾ ധ്വംസിക്കപ്പെടുമ്പോൾ

**റവ. ഡോ. അലക്സാണ്ടർ ഏ തോമസ്, കീക്കൊഴൂർ**



തീവ്രമായ അവഗണനയും, അസ്പൃശ്യതയും, അനുഭവിച്ച കുഷ്ഠരോഗികളുടെ ദുരന്ത ജീവിതത്തിന്റെ കദനങ്ങൾ ശക്തമായി ആവിഷ്ക്കരിച്ച ഒരു നാടകമാണ് തോപ്പിൽ ഭാസിയുടെ അശ്വമേധം. ഈ നാടകത്തിലെ പ്രധാന കഥാപാത്രങ്ങൾ. ഡോ. തോമസും അദ്ദേഹത്തിന്റെ ഭാര്യ ഗേളിയുമാണ്.

ഡോ. തോമസ് കുഷ്ഠരോഗ ചികിത്സകനാണ്. കുഷ്ഠരോഗികളെയും, അവർക്കു നൽകുന്ന ശുശ്രൂഷകളെയും ഗേളി അവജ്ഞയോടെയാണ് കാണുന്നത്. അവരുടെ സംഭാഷണം ശ്രദ്ധേയമാണ്.

ഗേളി: നിങ്ങൾ കുഷ്ഠരോഗത്തിനു മാത്രമേ ചികിത്സിക്കയുള്ളോ?

ഡോ. തോമസ്: ഞാനതിലാണ് സ്പെഷ്യലൈസ് ചെയ്തിരിക്കുന്നതെന്നറിയില്ലേ?

ഗേളി: അപ്പോൾ നിങ്ങളെന്നും ഈ ആശുപത്രിയിൽത്തന്നെ കഴിയാനാണോ ഭാവം? അയ്യോ! നിങ്ങൾക്കെങ്ങനെ കൈയും കാലും കണ്ണും മൂക്കുമൊന്നുമില്ലാത്ത ആ കുഷ്ഠരോഗികളോടൊപ്പം എന്നും ജീവിക്കാൻ സാധിക്കും? നിങ്ങളെന്തൊരു മനുഷ്യനാണ്?

ഡോ. തോമസ്: സൗന്ദര്യമുള്ള രോഗവും സൗന്ദര്യമില്ലാത്ത രോഗവും ഞാൻ കണ്ടിട്ടില്ല. എല്ലാ രോഗവും ഭയങ്കരമാണ്. ഒരു കാര്യം ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കണമെന്നുണ്ട്. കുഷ്ഠരോഗിയെ സ്നേഹിക്കണമെന്നു ലോകത്തെ ആദ്യം പഠിപ്പിച്ചത് ക്രിസ്തുവാണ്. സമൂഹം അവഗണിച്ചവരെ യേശുക്രിസ്തു എപ്രകാരം പരിഗണിച്ചിരുന്നു എന്ന് തോപ്പിൽ ഭാസി എഴുതുമ്പോൾ ക്രിസ്തുവിന്റെ മനോഭാവമാണ് ലോകം മനസ്സിലാക്കുന്നത്. യേശുവിന്റെ ശുശ്രൂഷയിൽ പാർശ്വവത്കരിക്കപ്പെട്ടവർക്ക് നൽകിയിരുന്ന സ്ഥാനം ഉന്നതമായിരുന്നു. മതപരമായ വിലക്കുകൾ ഉണ്ടായിരുന്ന കുഷ്ഠരോഗികളെയും, രക്തസ്രവമുള്ള സ്ത്രീയെയും തുടങ്ങി തള്ളപ്പെട്ടവരെ അവൻ അതിരുകളിൽനിന്ന് മധ്യത്തിൽ എത്തിച്ചു. അവർക്ക് കർത്താവ് നൽകിയ സ്ഥാനവും പരിഗണനയും വിപ്ലവകരമായ സാമൂഹ്യപരിവർത്തനമായിരുന്നു. ഇതിനായി തെറ്റായ ആചാരങ്ങളെയും ആത്മീയ നിയമങ്ങളെയും പരസ്യമായി ലംഘിച്ചു. പതിതരെ അബ്രഹാമിന്റെ മക്കൾ എന്നു സംബോധന ചെയ്തത് വരേണ്യവർഗ്ഗത്തെ അലോസരപ്പെടുത്തി. ആ കാലഘട്ടത്തിൽനിന്നു ലോകം ബഹുദൂരം മുന്നോട്ടു പോയി എന്നു പറയുമ്പോഴും മനോഭാവങ്ങൾക്ക് മാറ്റമില്ലാത്ത മനുഷ്യനെയാണ് എവിടെയും കാണുന്നത്. മനുഷ്യാവകാശങ്ങൾക്ക് വില നൽകാതെ അവയെ അവഗണിക്കുന്ന നിരവധി വാർത്തകൾ സമകാലിന ചരിത്രത്തിൽ കാണുന്നു. ഇതിൽ വളരെയധികം ശ്രദ്ധിക്കപ്പെട്ട ഒരു വാർത്തയാണ് ട്രാൻസ്ജെൻഡർ വിഭാഗത്തെ അംഗീകരിക്കാനാവില്ല എന്ന പ്രഖ്യാപനം. ജനിതക കാരണങ്ങളാൽ വ്യത്യസ്തരായിത്തീർന്ന ഈ സമൂഹത്തിന് മനുഷ്യാവകാശങ്ങൾ നിഷേധിക്കുന്നത് ദൈവനീതിയല്ല. ഇതു മനസ്സിലാക്കാതെ അവരുടെ അവകാശ നിഷേധത്തിന് ദൈവികപരിവേഷം നൽകുന്ന പരീശഭക്തി ഒരിക്കലും ക്രിസ്തീയ വിശ്വാസത്തിന് അനുയോജ്യമല്ല. ലോകജനസംഖ്യയിൽ ട്രാൻസ്

ജെൻഡർ ഒരു വലിയ സമൂഹമാണ്. മറ്റുള്ളവരെപ്പോലെ ഇവരിലും തിന്മകൾ ഉണ്ടാകാം. എന്നാൽ ഭൂരിപക്ഷവും ശരിയായ പാതയിലാണ് യാത്ര ചെയ്യുന്നത്. അവർ അഭിമുഖീകരിക്കുന്ന അപകർഷതയും അവഗണനയും മാനസികസംഘർഷങ്ങളും സങ്കീർണ്ണമാണ്. ജന്മംകൊണ്ട് അവർ അഭിശപ്തരാണെന്ന ചിന്ത ക്രിസ്തീയമല്ല. ഈ സമൂഹത്തിൽനിന്ന് അനേകർ ഉന്നതസ്ഥാനങ്ങളിൽ എത്തിയിട്ടുണ്ട്. ഭാരതസഭയിൽ എസ്ഥേർ ഭാരതി സഭാശുശ്രൂഷയിൽ ഉന്നതസ്ഥാനത്ത് എത്തിയ ചരിത്രം പരിചിതമാണല്ലോ. അനേക പട്ടക്കാരും ഈ നിരയിൽ ഉണ്ട്. പല സഭകളും അവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്നു. അതിനായി വിവിധ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. ഇവയൊന്നും ഔദാര്യമായി കാണാൻ കഴിയില്ല. ഉത്തരവാദിത്തം മാത്രമാണ്. ഏവർക്കും അവകാശപ്പെട്ട ഈ ഭൂമി പ്രാപ്തരായവർക്കുവേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ടു (Survival of the Fittest) എന്ന സങ്കല്പം ദൈവവിരുദ്ധമാണ്. ട്രാൻസ്ജെൻഡർ സമൂഹത്തെക്കുറിച്ചുള്ള പഴയനിയമ കാഴ്ചപ്പാടുകൾ ആശാസ്യമായിരുന്നില്ല (ആവ.23.1). സാമൂഹ്യ-ആധ്യാത്മിക ചിന്തകളിലെ വികലതകളും, ദൈവികസത്യങ്ങളെ തിരിച്ചറിയുന്നതിനുള്ള പരിമിതികളും ഇതിന് കാരണമാണ്. ദൈവമുമ്പിൽ എല്ലാവരും തുല്യരാണെന്ന മഹത്തായ സന്ദേശമാണ് യേശു നൽകിയത്. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന് പ്രാർത്ഥിപ്പാൻ കർത്താവ് പഠിപ്പിച്ചപ്പോൾ ദൈവം പിതാവും ഭേദം കൂടാതെ എല്ലാവരും സഹോദരങ്ങളുമാണെന്ന മഹത്തായ സത്യമാണ് ഇതിൽ ഉൾക്കൊണ്ടിരിക്കുന്നത്. ഈ യാഥാർത്ഥ്യത്തെ മനസ്സിലാക്കാത്തതിനാലാണ് അവഗണനയും അസ്പൃശ്യതയും സമൂഹത്തിൽ നിലനിൽക്കുന്നത്. ട്രാൻസ്ജെൻഡർ സമൂഹത്തോടുള്ള പുതിയനിയമ മനോഭാവം എപ്രകാരമായിരുന്നു? ആദിമസഭയുടെ പ്രാതഃകാല ചരിത്രത്തിലെ ഒരു സംഭവം അത്യന്തം ശ്രദ്ധേയമാണ്. അപ്പോ. പ്രവൃ. 8-ാം അധ്യായത്തിൽ എത്യോപ്യ രാജ്ഞിയുടെ ഭണ്ഡാരവിചാരകനും മഹാനുമായ ഒരു ട്രാൻസ്ജെൻഡറിന്റെ ചരിത്രം പറയുന്നുണ്ട്. ഒരു യാത്രാമധ്യേ ഫിലിപ്പോസ് അദ്ദേഹത്തെ കാണുന്നു. തേരിൽ ഇരുന്ന് യെശയ്യാപ്രവചനം വായിക്കുന്ന ഈ വ്യക്തിയുമായി ഫിലിപ്പോസ് സംഭാഷണം ആരംഭിക്കുന്നു. അദ്ദേഹം പ്രകടമാക്കിയ താല്പര്യം തിരുവചനം പഠിക്കാൻ മുഖാന്തരമായി. ദൈവിക സത്യങ്ങളുടെ അകംപൊരുൾ ഫിലിപ്പോസ് വിവരിക്കുന്നു. സംഭാഷണങ്ങളുടെ സമാപ്തിയിൽ അദ്ദേഹം സ്നാപനം സ്വീകരിച്ച് ക്രിസ്തുവിശ്വാസിയാകുന്നു. ഈ സംഭവം വി. ലൂക്കോസ് ഹൃദ്യമായി വിവരിക്കുന്നു. മാത്രമല്ല, ഇദ്ദേഹത്തിന്റെ അരികിലേക്ക് ഫിലിപ്പോസ് നയിക്കപ്പെട്ടത് ദൈവനിയോഗത്താലാണെന്നും വ്യക്തമായി ആലേഖനം ചെയ്യുന്നു (8:36). ഈ ചരിത്രം സഭയുടെ പ്രയാണത്തിൽ ഒരു പുതിയ വഴിത്തിരിവായിരുന്നു. പുതിയനിയമ സഭയിൽ അംഗത്വം സ്വീകരിച്ച ഉയർന്ന ധനകാര്യ ഉദ്യോഗസ്ഥനും ആദ്യത്തെ ട്രാൻസ്ജെൻഡറും ഇദ്ദേഹമായിരുന്നു. എത്യോപ്യയിൽ സഭ സ്ഥാപിക്കപ്പെടുന്നതിനും വളരുന്നതിനും ഇത് പ്രധാന നാഴികക്കല്ലായിത്തീർന്നു. വർഷങ്ങൾക്കു ശേഷം ഇത് വി. ലൂക്കോസ് എഴുതുമ്പോൾ ഇതിന് കാരണമാകുന്നത് ഒരു ട്രാൻസ്ജെൻഡർ ആയിരുന്നു എന്ന വസ്തുത മറകൂടാതെ പറയുന്നു. വിശേഷണം ഒഴിവാക്കാമായിരുന്നു. അവഗണിക്കപ്പെട്ടവർക്ക് അത്താണിയാകുന്ന യേശു ലൂക്കോസിന്റെ രചനകളിൽ എപ്പോഴും ശ്രദ്ധേയനാണ്. അത് തന്റെ എഴുത്തുകളിൽ ദൃശ്യവുമാണ്. ന്യായപ്രമാണപ്രകാരം ട്രാൻസ്ജെൻഡറിനോട് ദൈവികസത്യങ്ങൾ പങ്കിടുന്നതിന് വിലക്കുകൾ ഉണ്ടായിരുന്നു. ഈ വിലക്കുകളെ ലംഘിച്ച് ഒരു പുതിയ മാനവികത ഇവിടെ തുറക്കുന്നു. മാത്രമല്ല, യേശുക്രിസ്തുവിൽ വെളിപ്പെട്ട സാർവ്വത്രിക രക്ഷയുടെ ഒരു വിളംബരമായും ഇതിനെ കാണാം. സുവിശേഷം സർവ്വജനത്തിനുമുള്ളതാണ്. ആരും അവഗണിക്കപ്പെടേണ്ടവരല്ല. ഈ സത്യത്തിന് വിരുദ്ധമായത് സുവിശേഷമല്ല. വെളിപ്പാടു പുസ്തകത്തിലെ യുഗാന്ത്യദർശനത്തിലും വിവേചനം കൂടാതെയുള്ള മനുഷ്യവർഗ്ഗത്തെയാണ് സിംഹാസനത്തിനു മുമ്പാകെ കാണുന്നത് (വെളി.7:9-10). മനുഷ്യനെ വേർതിരിക്കുന്ന സകല ഘടനകളും ക്രിസ്തീയമല്ല എന്ന തിരിച്ചറിവ് ഉണ്ടാകണം. അതാണ് പുതിയനിയമ ദർശനം. അഭയാർത്ഥികളാകുന്നവരുടെ അവകാശങ്ങൾ ലംഘിക്കപ്പെടുന്നതും ചർച്ചകൾക്ക് വിഷയമാകുന്നുണ്ട്. തെറ്റായ മാർഗ്ഗങ്ങളിലൂടെ നിയമവിരുദ്ധമായി മറ്റൊരു രാജ്യത്ത് പ്രവേശിക്കുന്നത് പൂർണ്ണമായും തടയേണ്ടതാണ്. എന്നാൽ തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ അഭയാർത്ഥികളാകുന്ന സാഹചര്യം ദൈവനീതിക്ക് വിരുദ്ധമാണ്. അവർക്ക് സംരക്ഷണയും കരുതലും നൽകുന്നതിനുള്ള ബാധ്യത രാജ്യങ്ങൾക്കുണ്ട്. സ്വന്തം രാജ്യം സുരക്ഷിതമാകുന്നതുവരെ അവർക്ക് ജീവിക്കാനുള്ള സാഹചര്യം നൽകണം. അനാഥർ, വിധവമാർ, പരദേശികൾ - ഇവർക്കു നൽകേണ്ട കരുതലിന്റെ പ്രമാണം വി.വേദപുസ്തകം വ്യക്തമായി പറയുന്നുണ്ട്. പരദേശികൾ എന്നത് അഭയാർത്ഥികളാണ്. ഇപ്രകാരം അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന എല്ലാ നിയമങ്ങളും ദൈവരാജ്യചിന്തകൾക്ക് വിരുദ്ധമാണ്. അവ ഇല്ലാതാകണം. എല്ലാ മനുഷ്യർക്കും അർഹതയുള്ള അടിസ്ഥാന അവകാശങ്ങളും സ്വാതന്ത്ര്യവുമാണ് മനുഷ്യാവകാശം. അതിൽ തുല്യതയും സാമൂഹ്യനീതിയും ഉൾക്കൊള്ളുന്നു. ഈ മൂല്യങ്ങൾ നഷ്ടപ്പെടാതെ പരിരക്ഷിക്കുവാൻ രാജ്യങ്ങൾ തയ്യാറാകണം. അതിനായി യത്നിക്കാം. 'ലോകാ സമസ്താ സുഖിനോ ഭവന്തു.' - സകല ലോകത്തിനും ക്ഷേമമുണ്ടാകട്ടെ. അത് നമ്മുടെ പ്രാർത്ഥനയാകട്ടെ.



# ഭാരത സഭകൾ കേൾക്കേണ്ടതും പറയേണ്ടതും

**റവ. പി ജെ വർഗീസ്**



പ്രസിഡൻഷ്യൽ ഭരണക്രമത്തിന്റെ ഉത്തമ മാതൃകയായി ഉയർത്തിക്കാട്ടുന്ന അമേരിക്കയിൽ ഇത്തവണ ഗണ്യമായ ഭൂരിപക്ഷത്തോടെയാണ് ട്രംപ് അധികാരത്തിലെത്തുന്നത്. രാജ്യം പിന്തുടർന്നു പോരുന്ന പൗരാവകാശ, കുടിയേറ്റ പാരിസ്ഥിതിക പരിപക്ഷാനിയമങ്ങളെല്ലാം കാറ്റിൽപ്പറത്തിയുള്ള നിയമനടപടികൾ ഭരണത്തിന്റെ ആദ്യദിനങ്ങളിൽത്തന്നെ കൈക്കൊണ്ടത് ലോകമനഃസാക്ഷിയെ ഞെട്ടിച്ചിരിക്കയാണ്. അന്താരാഷ്ട്ര വാണിജ്യ മര്യാദകളെയും ഉടമ്പടികളെയും കാറ്റിൽപ്പറത്തിയുള്ള ചുങ്കം ചുമത്തൽ, ഐക്യരാഷ്ട്ര സംഘടനയുടെ നടത്തിപ്പിൽ നിന്നും നടത്തിപ്പിനുള്ള വിഹിതം നൽകുന്നതിൽ നിന്നുമുള്ള പിൻവാങ്ങൽ തുടങ്ങിയ നടപടികളെല്ലാം ലോകസമാധാനത്തിനും ആഗോള സഹവർത്തിത്വത്തിനും മേൽ കരിനിഴൽ വീഴ്ത്തി സമാനതകളില്ലാത്തതായിത്തീർന്നിരിക്കുന്നു. ഇത്തരം ചരിത്രത്തിന്റെ ദശാസന്ധിയിലും ഒരു രജതരേഖയായി മാറുകയാണ്, നിയുക്ത പ്രസിഡന്റിന് ആശംസ നേർന്നുള്ള സഭയുടെ സ്തോത്രപ്രാർത്ഥന.

അധികാരമേൽക്കുന്ന പ്രസിഡന്റിന് ആശംസയർപ്പിച്ചുള്ള വാഷിങ്ടൺ നാഷണൽ കത്തീഡ്രലിൽ എപ്പിസ്കോപ്പൽ ബിഷപ്പ് നടത്തുന്ന '15 മിനിട്ട് പ്രസംഗം', അതിന്റെ പ്രാതിനിധ്യസ്വഭാവം കൊണ്ടും ഊന്നൽ, ഉള്ളടക്കം ഇവകൊണ്ടും ചരിത്രത്തിൽ സ്ഥാനം പിടിച്ചിരിക്കുകയാണ്. വാഴ്ത്തുപാട്ടിനും സ്തുതിക്കും ഉപരി സഭയുടെയും അതുവഴി അമേരിക്കൻ സാമൂഹ്യ അവസ്ഥയ്ക്കും നേരെ പിടിച്ചിരിക്കുന്ന കണ്ണാടിയാണത്. രാഷ്ട്രീയ ധ്രുവീകരണവും വംശീയവിഭജനവും നിയമപരിരക്ഷയിലെ അപ്രാപ്യതയും അങ്ങേയറ്റം വിഭജിതമാക്കിയിരിക്കുന്ന അമേരിക്കൻ സമൂഹത്തിനൊരു മറുമരുന്നായാണ് വൈവിദ്ധ്യങ്ങളുടെ ഐക്യമായി ആശംസാപ്രസംഗം ചുരുൾ നിവരുന്നത്. വചനം കേട്ട് ചെയ്യുന്ന പാറമേൽ അടിസ്ഥാനപ്പെട്ട നിർമ്മിതിയോടാണ് ജനതകളുടെ വൈവിദ്ധ്യത്തിലെ ഐക്യത്തെ പ്രസംഗം സമീകരിച്ചിരിക്കുന്നത്. ഐക്യത്തിന് നിദാനമായി വേദപുസ്തകത്തിൽനിന്നും രാഷ്ട്രപാരമ്പര്യത്തിൽ നിന്നുമായി മൂന്ന് അടിസ്ഥാനങ്ങളാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. എല്ലാ വ്യക്തികളിലും സന്നിവേശിക്കപ്പെട്ടിരിക്കുന്ന മഹത്വം ആദരിക്കുകയാണ് ഐക്യത്തിലേക്കുള്ള ആദ്യപടി. വ്യത്യസ്തത മാറ്റി നിർത്താനും നമസ്കരിക്കാനുമുള്ള ഉപാധിയല്ല, മറിച്ച് പരസ്പരാദരവോടെ ബോദ്ധ്യങ്ങൾക്കനുസരിച്ച് ആദരിക്കപ്പെട്ട് ആഘോഷിക്കാനുള്ളതാണ്. രണ്ടാമതായി സ്വകാര്യതയിലും പൊതുഇടങ്ങളിലും കാത്തു പാലിക്കേണ്ട വിശ്വസ്തതയാണ് ഐക്യത്തിലേക്കുള്ള ചവിട്ടുപടി. കപടബോദ്ധ്യങ്ങളിലുള്ള ഐക്യമല്ല വേണ്ടത്. സത്യം അറിഞ്ഞും പറഞ്ഞുമുള്ള വിശ്വാസമുള്ള വ്യക്തികളായും ജനങ്ങളായും വിശ്വസ്തത കാത്തു പാലിക്കപ്പെടണം. മൂന്നാമതായി ശരിയെ ശരിയായും തെറ്റിനെ തെറ്റായും അംഗീകരിക്കാനുമുള്ള വിനയം കാണിക്കുന്നതാണ് ഐക്യത്തിലേക്കുള്ള വഴി. കാണാതെ പോകുന്ന സത്യങ്ങളും ശാശ്വതീകരിക്കപ്പെടുന്ന തെറ്റുകളും എപ്പോഴും പുനർവിചിന്തനത്തിനും തിരുത്തലിനും വിധേയമാക്കുമ്പോഴാണ് ഐക്യം സാദ്ധ്യമാകുന്നത്.

വിശ്വാസസമൂഹത്തിന്റെ ഭാഗമായിരിക്കുന്ന കുട്ടികൾ, കുടിയേറ്റക്കാർ, ലൈംഗിക ന്യൂനപക്ഷങ്ങൾ, തുടങ്ങിയവരുടെ ശബ്ദമായി അവരോട് ദയ കാട്ടാനാണ് പ്രസംഗക പ്രസിഡന്റിനോട് ആഭ്യർത്ഥിക്കുന്നത്.

വർത്തമാനകാല അമേരിക്കൻ സാഹചര്യങ്ങളിൽ ഐക്യത്തിന് അടിസ്ഥാനമായി ഉയർത്തിക്കാട്ടപ്പെട്ട, പരസ്പരാദരവ്, വിശ്വസ്തത, വിനയം ഇവയെല്ലാം ഭാരത സഭാസാഹചര്യങ്ങളോട് ഏറെ അടുത്തു നിൽക്കുന്നവയാണ്. സഭകളാവട്ടെ, സഭൈക്യവേദികളാവട്ടെ വിശ്വാസത്തിന്റെ പേരിൽ വേട്ടയാടപ്പെടുന്ന സഭാംഗങ്ങളുടെ ശബ്ദമാകാൻ കഴിയാതെ പോകുന്നതിന്റെ തുടർക്കഥകൾക്കാണ് വർത്തമാനകാലം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. ദൈവവിളിയോടുള്ള വിശ്വസ്തതയേക്കാൾ അധികാരം, സമ്പത്ത് ഇവയോടുള്ള ആഭിമുഖ്യവും അവ സംരക്ഷിക്കാനുള്ള തത്രപ്പാടുകളും രാഷ്ട്രീയാധികാരത്തോട് സന്ധി ചെയ്യാനാണ് സഭകളെ സജ്ജമാക്കിക്കൊണ്ടിരിക്കുന്നത്. ഇവിടെ സഭയ്ക്ക് നഷ്ടമാകുന്ന പ്രവാചക പാരമ്പര്യവും ശബ്ദവും വിസ്മരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഒരു രാജ്യമെന്ന കാഴ്ചപ്പാടിന് ഊടും പാവുമായി നിലകൊണ്ട നാനാത്വത്തിൽ ഏകത്വമെന്ന ഉദാത്ത ആശയം ശാശ്വതീകരിക്കാൻ ഏറെ സാദ്ധ്യതകളുള്ള സഭയ്ക്ക് അതിലെ ജാതി വിഭജനങ്ങളും ലിംഗവിവേചനങ്ങളും മൂലം ഒന്നിനും കഴിയാതെ പോവുന്നു. വൈവിദ്ധ്യമാർന്ന വിശ്വാസ പാരമ്പര്യങ്ങളും വേദപുസ്തക കാഴ്ച്ചപ്പാടുകളും ദൗത്യപരിചിന്തനങ്ങളുമെല്ലാം ദൈവദാനമായിക്കണ്ട് അംഗീകരിച്ച്, ആദരിച്ച് ആഘോഷമാക്കുവാൻ ഭാരതസഭകൾക്ക് ഇതല്ലാതെ മറ്റേതാണ് സമയം?

നിർമ്മിതബുദ്ധി പോലെ മനുഷ്യ സംസ്കൃതിയെ നിർവ്വചനാതീതമായി ആഴത്തിലും ദൂരവ്യാപകമായും സ്വാധീനിക്കുകയും ചോദ്യം ചെയ്യുകയും ചെയ്യുന്ന പുത്തനറിവുകളുടെ സാഹചര്യത്തിൽ കൂടുതൽ വിനയത്തിന്റേതും വിധേയപ്പെടലിന്റേതും ഉൾക്കൊള്ളലിന്റേതുമല്ലാതെ ഏത് ശുശ്രൂഷയാണ് സഭകൾക്ക് രൂപപ്പെടുത്താനാവുന്നത്.

ആദ്യമായും അവസാനമായും സഭകൾ ആരെയാണ് പ്രതിനിധീകരിക്കുന്നത് എന്നതാണ് പ്രസക്തമായ ചോദ്യം.

# പ്രവാചകശബ്ദങ്ങൾക്ക് ഗ്രഹണം ബാധിച്ച കാലം

**റവ. ഉമ്മൻ വി. വർക്കി**



ചരിത്രകാരി റൊമില താപ്പറിന്റെ Voices of dissent എന്ന പുസ്തകം ആരംഭിക്കുന്നത് ചരിത്രത്തിൽ വഴിതെറ്റുന്ന അവസ്ഥകളെ വിമർശിക്കാനും തിരുത്താനുമുള്ള മനുഷ്യരുടെ മൗലിക ബോധ്യത്തെ ഓർമ്മപ്പെടുത്തിക്കൊണ്ടാണ്. ഈ ബോധ്യത്തെയാണ് എപ്പിസ്കോപ്പൽ ബിഷപ്പ് മരിയൻ എഡ്ഗർ ബഡി വാഷിങ്ടൻ ഡിസിയിലെ നാഷണൽ കത്തീഡ്രലിൽ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെ അഭിമുഖീകരിച്ചപ്പോൾ മുറുകെ പിടിച്ചത്. അസാധാരണമായ ഒരു ചരിത്ര നിമിഷമായിരുന്നു അത്. ക്രൈസ്തവ വിശ്വാസം അതിന്റെ ഉള്ളിൽ സൂക്ഷിക്കുന്ന പ്രവാചകദൗത്യത്തെ അസാധാരണ ധൈര്യത്തോടെയാണ് അവർ ഉയർത്തിപ്പിടിച്ചത്. അവരുടെ വാക്കുകൾ നമ്മെ ഓർമ്മപ്പെടുത്തിയത് അധികാരത്തോട് നേർക്കുനേർ നിന്ന് സത്യം പറഞ്ഞ നാഥാൻ പ്രവാചകന്റെ വഴികളെയാണ്. പ്രവാചക ശബ്ദങ്ങൾക്ക് ഗ്രഹണം ബാധിച്ച ഒരു കാലഘട്ടത്തിലാണ് ലോകത്തിലെ ഏറ്റവും ശക്തനായ ഒരു ഭരണാധികാരിയുടെ മുഖത്തുനോക്കി ഇതല്ല അമേരിക്ക സഞ്ചരിക്കേണ്ട വഴിയെന്നു പറയാൻ അവർ മുതിർന്നത്. ട്രംപ് ഇന്ന് മുന്നോട്ടുവയ്ക്കുന്ന 'അമേരിക്ക ഫസ്റ്റ്' എന്നത് ഹിറ്റ്ലർ പറഞ്ഞിരുന്ന 'ആര്യർ ഒന്നാമതായി' എന്ന ബോധധാര തന്നെയാണെന്ന് അവർ തിരിച്ചറിയുന്നു. അത് മനുഷ്യർ നാളിതുവരെ നേടിയ ജനാധിപത്യ മാനവികതയുടെ എല്ലാ അംശങ്ങളെയും കെടുത്തിക്കളയുമെന്ന ആശങ്കയും ആ വിമർശനത്തിലുണ്ട്. ഇത് ഒറ്റപ്പെട്ട ശബ്ദമല്ല. ഇക്കാലത്തെ നിരീക്ഷിക്കുന്ന ജനാധിപത്യ വിശ്വാസികളായ എല്ലാവരുടെയും ആശങ്കയാണ്.

ലോകമാകമാനം ജനാധിപത്യം എന്ന തത്വസംഹിത ഇന്നു നേരിടുന്നത് വൻ പ്രതിസന്ധിയെയാണ്. ജനാധിപത്യത്തിലൂടെ തന്നെ ജനാധിപത്യത്തെ പിടിച്ചെടുക്കുന്ന തീവ്രവലതുപക്ഷനിര ലോകമെമ്പാടും വളരുകയാണ്. ജനഹിതത്തിനപ്പുറം കോർപ്പറേറ്റ് താല്പര്യങ്ങളാണ് ഭരണത്തിൽ ഇന്ന് മേൽക്കൈ നേടുന്നത്. യൂറോപ്പ് പാർലമെന്റ് തെരഞ്ഞെടുപ്പിൽ തീവ്ര വലതുപക്ഷം വലിയ മുന്നേറ്റമാണ് നടത്തിയത്. ഹംഗറിയും, സ്ലോവാക്യയും, ഇറ്റലിയും തീവ്ര വലതുപക്ഷമാണ് ഭരിക്കുന്നത്. നെതർലൻസിലും സ്വീഡനിലും ഫിൻലന്റിലും തീവ്ര വലതുപക്ഷം ഉൾപ്പെടുന്ന കൂട്ടുകക്ഷി സർക്കാരുകളാണ് ഭരിക്കുന്നത്. ജർമ്മനിയിൽ വലിയ ജനാധിപത്യ കക്ഷിയായ സോഷ്യൽ ഡെമോക്രാറ്റുകൾ മൂന്നാം സ്ഥാനത്തേക്ക് തള്ളപ്പെട്ടു. തീവ്ര വലതുപക്ഷമായ ആൾട്ടർനേറ്റിവ് ഫോർ ജർമ്മനി (AFD) രണ്ടാം സ്ഥാനത്ത് എത്തി. അമേരിക്ക ഇന്ന് പ്രകടമാക്കുന്നത് തീവ്ര വലതുപക്ഷ താല്പര്യങ്ങളാണ്. ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങൾ മിക്കതും മത-ഏകാധിപത്യ ശക്തികളുടെ വരുതിയിൽ ആയിക്കഴിഞ്ഞു. ലോകത്താകമാനം ശക്തിപ്രാപിക്കുന്ന കോർപ്പറേറ്റ് മൂലധന ശക്തികളുടെ വളർച്ചയും വലതുപക്ഷ തീവ്രദേശീയതയുടെ ഉയർച്ചയും ചേർത്തുവായിക്കേണ്ട പ്രതിഭാസങ്ങളാണ്. ലോകത്തിന്റെ ഈ പുതിയ സഞ്ചാരപഥത്തിൽ നിലയില്ലാക്കയത്തിൽ അകപ്പെടുന്ന ദരിദ്രർ, അഭയാർഥികൾ, കുടിയേറ്റക്കാർ, ട്രാസ്ജൻഡേഴ്സ്, തൊഴിൽരഹിതർ തുടങ്ങി നിരാലംബർക്കുവേണ്ടി സംസാരിക്കാൻ ആരുമില്ലാത്ത അത്യന്തം അസന്ദിഗ്ദ്ധമായ ഒരവസ്ഥയിലേക്ക് ലോകം മാറുകയാണ്. അവർക്കുവേണ്ടി നിലകൊള്ളുന്നവരെ രാജ്യദ്രോഹികളായി ചിത്രീകരിക്കുകയാണ്. ഇന്ത്യയിൽ ഫാ. സ്റ്റാൻ സ്വാമിക്ക് സംഭവിച്ചത് അതാണ്. ജാർഖണ്ഡിലും ഛത്തീസ്ഗഡിലും ഒഡീഷയിലും മധ്യപ്രദേശിലും സർക്കാരുകളുടെ അനുമതിയോടെയും ഗ്രാമസഭകളുടെ അറിവില്ലാതെയും വൻകിടക്കമ്പിനികൾ നിയമവിരുദ്ധമായി നടത്തുന്ന ഖനനത്തെ ഗ്രാമസഭകൾ ചോദ്യം ചെയ്തതാണ് തുടക്കം. അത് ചെന്ന് അവസാനിച്ചത് താൻ ഒരിക്കൽപോലും പോകാത്ത ഭീമ കൊറേഗാവ് കേസ്സിൽപ്പെടുത്തി അദ്ദേഹത്തിന്റെ അന്ത്യം ഉറപ്പാക്കലിലായിരുന്നു. ഗൗരി ലങ്കേഷ്, എം. എം. കൽബുർഗി, നരേന്ദ്ര ദഭോൽക്കർ, ഗോവിന്ദ് പൻസാരെ തുടങ്ങിയവരും ഭരണകൂട ഭീകരതയുടെ ഇരകളാണ്. നിരാലംബ മനുഷ്യസ്നേഹമാണ് ബിഷപ്പ് എഡ്ഗർ ബഡിയെയും ശബ്ദമുയർത്തുക എന്ന സാഹസികതയ്ക്ക് പ്രേരിപ്പിച്ചത്. നീതിക്കും മാനവികതയ്ക്കുമായി ഏതറ്റംവരെയും പോകാൻ തയ്യാറുള്ളവരെയാണ് ഈ കാലം അന്വേഷിക്കുന്നത്.

ഇതൊന്നും വ്യവസ്ഥാപിത സഭകളെ അലോരസപ്പെടുത്തുന്നില്ല എന്നതാണ് സത്യം. ആചാര-അനുഷ്ഠാന-സ്ഥാപന സംവിധാനത്തിന്റെ സുരക്ഷിതത്വത്തിലാണ് അവർക്ക് താലപര്യം. ഈ വിവിധ സഭാ അടരുകളുടെ അന്തർഭാഗത്ത് നിലകൊള്ളുന്നത് ***ക്രിസ്തു എന്ന കരിസ്മയാണ്.*** അതിന്റെ മേൽ പണിതുയർത്തിയിരിക്കുന്ന മേലാപ്പുകളാണ് മുകളിൽ പറഞ്ഞ വിവിധ സഭാസംവിധാനങ്ങൾ. സഭ അതിന്റെ കരിസ്മയെ ഉള്ളിൽനിന്നുതന്നെ സ്ഥാപനവത്ക്കരിക്കുമ്പോൾ സഭ അടയ്ക്കുന്നത് ലോകത്തിന്റെ മനസ്സാക്ഷിയായി നിലകൊള്ളാനുള്ള സഭയുടെ ജൈവഭാവത്തെയാണ്. അങ്ങനെ പ്രവാചകശബ്ദം നഷ്ടപ്പെട്ട സഭ കേവല ആൾക്കൂട്ടമായി പരിണമിക്കുന്നു. ഈ ആൾക്കൂട്ടത്തെ കാണിച്ച് ചില സന്ദർഭങ്ങളിൽ കമ്മ്യൂണലാകാനും സഭകൾ ഇന്ന് മടിക്കുന്നില്ല. ഭരണകൂടം പറയാതെ അതിന്റെ ഇംഗിതം മുൻകൂട്ടി കണ്ട് പ്രവർത്തിക്കാൻ (anticipatory obedience) സന്നദ്ധമാ

കുന്ന അപകടകരമായ പ്രവണതയും സഭാനേതൃത്വത്തിൽ ഇന്ന് ദൃശ്യമാണ്. ഇവിടെയാണ് ബിഷപ്പ് മരിയൻ എഡ്ഗർ ബഡിയുടെ വാക്കുകൾ ഒരു ചരിത്രദൗത്യമായി നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നത്. സഭ എക്കാലവും പിന്തുടരേണ്ട പ്രവാചക പാരമ്പര്യത്തെയാണ് അത് ഓർമ്മപ്പെടുത്തുന്നത്. On Tyranny എന്ന പുസ്തകത്തിൽ റ്റിമോത്തി സ്നൈഡർ നമ്മെ ഓർമ്മപ്പെടുത്തുന്നത് ഇപ്രകാരമാണ്. ***ഓരോ വ്യക്തിയും അയാൾക്കു പറ്റുന്നത്ര ധൈര്യശാലിയാകാൻ തയ്യാറെടുക്കേണ്ടതുണ്ട്. രാജ്യത്തിനുവേണ്ടി മരിക്കാൻ ആരും തയ്യാറില്ലെങ്കിൽ ഭരണകൂടത്തിലെ മർന്ന് എല്ലാവരും മരിക്കും.*** ക്രൈസ്തവ സഭകൾ ഇന്ന് നയിക്കുന്നത് പ്രവാചക-ധൈഷണിക അബോധനിദ്രയാണ്. ഇതിനെ മറികടക്കുന്ന ചെറുത്തുനിൽപ്പിന്റെ രാഷ്ട്രീയമാണ് നാം അവലംബമാക്കേണ്ടത്. ജെഫേഴ്സണിന്റെ വാക്കുകളിൽ ഈ കുറിപ്പ് ഉപസംഹരിക്കട്ടെ ***സ്വാതന്ത്ര്യത്തിന്റെ വില നിരന്തര ജാഗ്രതയാണ്. എപ്പോഴാണോ ജാഗ്രതയ്ക്ക് കോട്ടംതട്ടുന്നത്, അപ്പോൾ സ്വാതന്ത്ര്യം ബലികഴിക്കപ്പെടുന്നു.***

# സുവിശേഷത്തനിമയുടെ കലാപം

## (Rebellion of Evengelistic Originality)

**റവ. ജോസഫ് ശാമുവേൽ, സിഎസ്ഐ മലയാളം ചർച്ച്, ഹൈദ്രബാദ്**



എപ്പിസ്ക്കോപ്പസിക്ക് സമഗ്രാധിപത്യസമാനമായ അധികാരങ്ങളും വിശേഷാവകാശങ്ങളും കല്പിച്ചു നൽകിയ കാലം മുതൽ അതൊരു ചക്രവർത്തിസമാനമായ അധികാരബിംബമായി. എന്നാൽ, ചില ചരിത്രമുഹൂർത്തങ്ങളിൽ കത്തീഡ്രൽ പുൾപ്പിറ്റുകളിൽനിന്ന് സാധാരണക്കാരന്റെ ആശങ്കകളുടെയും വിഷാദത്തിന്റെയും ഇടറുന്ന ശബ്ദമുയർന്നിട്ടുണ്ട്. വാഷിങ്ടൺ നാഷണൽ കത്തീഡ്രലിൽ അധികാരാരോഹണത്തിനായുള്ള സമ്മതിദായക അനുശാസനത്തിന്റെ ബലത്തിൽ ഉപവിഷ്ടരായിരുന്ന മാഗാ സംഘത്തോട്, വ്യക്തിപരമായി അമേരിക്കയുടെ (പഴയ) പുതിയ പ്രസിഡന്റ് പദമേറാനൊരുങ്ങിയിരുന്ന ഡൊണാൾഡ് ട്രമ്പിനോടും അവരുടെ നവആത്മാനുരാഗ രാഷ്ട്രീയത്തോടുമായി കാവ്യാത്മകമായി ഉയർന്നു കേട്ട, വാഷിങ്ടൺ എപ്പിസ്ക്കോപ്പൽ ഡയോസിലെ ആദ്യ വനിതാ ബിഷപ്പായ മരിയാൻ എഡ്ഗാർ ബുഡേയുടെ ശബ്ദം, കത്തീഡ്രൽ പ്രസംഗപീഠങ്ങളിൽനിന്ന് അടുത്ത കാലത്തുയർന്നു കേട്ട സുവിശേഷത്തനിമയുടെ സ്വരമാണ്. അപ്രമാദിത്ത അധികാരത്തെ അസ്വസ്ഥമാക്കുന്ന, പരമാധികാരിയുടെ മനസ്വച്ഛതയ്ക്ക് ഭംഗം വരുത്തുന്ന, പ്രവാചകാഘാതത്തിന്റെ ശബ്ദം. ക്രിസ്തു തന്റെ സഭയെ ഏല്പിച്ച സുവിശേഷത്തിന്റെ ഉണ്മയെയും സത്യത്തെയും കൂട്ടിക്കലർത്തലുകളില്ലാതെ നിർഭയമായി അധികാരബിംബങ്ങളോട് നേരിട്ടും ലോകത്തോട് പൊതുവായും പ്രഭാഷിക്കുകയാണ് പ്രവാചകതുടർച്ചയായി പരിഗണിക്കാവുന്ന ശുശ്രൂഷകനേതൃത്വത്തിന്റെ കാലികമായ ചുമതല. നാഷണൽ കത്തീഡ്രലിലുയർന്ന അപ്പോസ്തോലിക പെൺസ്വരത്തിന് നസറേത്ത് മാനിഫെസ്റ്റോയിലെ യേശുവിന്റെ ശബ്ദത്തോടും ഉള്ളടക്കത്തോടും സാമ്യമുണ്ട് (ലൂക്കോസ് 4). തനിമാശബ്ദങ്ങൾ മനോനിലകൾക്ക് ഏല്പിക്കുന്ന ആഘാതങ്ങൾ ആത്മവിമർശനങ്ങൾക്കും തിരുത്തലുകൾക്കും നമ്മെ പ്രേരിപ്പിക്കും. വേദപുസ്തകത്തിന്റെയും യേശു കർത്താവിന്റെ ജീവിതത്തിന്റെയും പഠിപ്പിക്കലുകളുടെയും ക്രിസ്തീയ വിശ്വാസത്തിന്റെ തനിമയിലേക്കും മൗലികതകളിലേക്കും സഞ്ചരിച്ച് കാലാനുസൃതമായ ശിഷ്യത്വനിലപാടുകൾ സ്വീകരിക്കുന്നതിന് സഭയെ നിരന്തരം പ്രോത്സാഹിപ്പിക്കുകയാണ് എപ്പിസ്ക്കോപ്പസിയുടെ ദൗത്യമെന്ന് ബിഷപ്പ് മാരിയാൻ നമ്മെ ഓർമ്മിപ്പിക്കുന്നു. തനിമാബോധങ്ങളാണ് നമ്മെ മികച്ച പോരാളികളാക്കുന്നത്. Originality is the best form of rebellion എന്ന മൈക്ക് സാസ്സസ്സോയുടെ നിരീക്ഷണം ഇവിടെ പ്രസക്തമാണ്.

പരമാധികാരത്തിന്റെ പടിപ്പുരകളിൽ ഔദാര്യങ്ങൾക്കായി നട്ടെല്ല് വളച്ച് നിൽക്കുന്ന മതമേധാവിത്വത്തിന്റെ സമകാലിക അരോചകകാഴ്ചകൾക്കിടയിൽ ബിഷപ്പ് മാരിയാൻ അൽപ്പനേരത്തേക്കെങ്കിലും കുതറി നിൽക്കുന്നു. മാഗാ സംഘങ്ങൾക്കായി വചനാടിസ്ഥാനത്തിൽ എഴുതി തയ്യാറാക്കിയ ആ പ്രസംഗത്തിന്റെ സമയ ശബ്ദ ക്രമത്തിനിടയിൽ അവർ എപ്പിസ്ക്കോപ്പസിയുടെ വ്യവസ്ഥാപിത നിർവ്വചനങ്ങൾക്കെതിരാകുന്നു. ജനാധിപത്യ ഭരണക്രമത്തിലേക്ക് ഭൂരിപക്ഷാനുമതിയോടെ ആനയിക്കപ്പെടുന്ന ഏകാധിപത്യ സമഗ്രാധിപത്യ പ്രവണതകൾ വിശ്വാസസമൂഹങ്ങളുടെ ഇടപെടലുകൾ ആവശ്യപ്പെടുന്നുണ്ട്. കാരണം ഇത്തരത്തിലുള്ള ശൈലികൾ പൊതുവെ സൗമ്യവും വിനീതവുമായിരിക്കേണ്ട മതവിശ്വാസ നേതൃത്വസങ്കല്പങ്ങളിലേക്ക് നുഴഞ്ഞുകയറുന്നു. പിന്നീട് അതിനെ സ്വഭാവിക പരിണാമ സിദ്ധാന്തമുപയോഗിച്ച് അതിന്റെ പ്രായോജകർ തന്നെ പൊതുവൽക്കരിക്കുന്നു. ഈ സാഹചര്യങ്ങൾ നൂറ്റാണ്ടുകളായി നിലനിൽക്കുന്നിടത്താണ് മാരിയൻ എഡ്ഗാർ ബഡി തന്റെ എപ്പിസ്ക്കോപ്പസിയെ തന്നെ പുനർനിർവചിക്കുന്നത്.

എപ്പിസ്ക്കോപ്പസിയെ പുനർനിർവചിക്കുന്നതിൽ പദാർത്ഥപരവും പദവിജ്ഞാനീയവുമായ അന്വേഷണങ്ങൾക്കപ്പുറമായി ആദിമസഭയിൽ ശുശ്രൂഷാസ്ഥാനങ്ങൾ രൂപപ്പെട്ടതിന്റെ ആഖ്യാനചരിത്ര പശ്ചാത്തലം വിശകലന വിധേയമാകേണ്ടതാണ്. അപ്പോ. പ്രവ 6 ൽ ദിയാക്കോൻ സ്ഥാനത്തിന്റെ നിയോഗത്തെ പ്രതിപാദിക്കു

ന്നു. വിധവകൾ ഉൾപ്പെടെയുള്ള ബലഹീന സമൂഹങ്ങളെ കരുതുന്നതിൽ വംശീയ വേർതിരിവുകൾ പ്രകടമായി. ഇത്തരത്തിലുള്ള അവഗണനകളേയും ഒഴിവാക്കലുകളേയും സാമൂഹികമായി തന്നെ പരിഹരിക്കുന്നതിനുള്ള ജനാധിപത്യ പ്രക്രിയയിലൂടെയാണ് ദിയാക്കോൻ/ ന്നസ് തെരഞ്ഞെടുക്കപ്പെട്ടത്. ദുർബ്ബലരുടെ പരിപാലനമാണ് ശുശ്രൂഷാസ്ഥാന നിർമ്മിതിക്കടിസ്ഥാനം. Deacon, presbyter, episcopos തുടങ്ങിയ ശുശ്രൂഷാസ്ഥാനങ്ങളെ പുരോമുഖമായി നാം മനസ്സിലാക്കണം. ദാസർ, മൂപ്പർ, മേൽവിചാരകർ എന്നിങ്ങനെ കർമ്മനിർവ്വചിത സ്ഥാനങ്ങൾ സാമൂഹിക ബലഹീനതകൾ അടിച്ചേൽപ്പിക്കപ്പെട്ട സമൂഹങ്ങളുടെ കരുതലിനായി സൃഷ്ടിക്കപ്പെട്ടതാണെന്ന് വെളിവാകുന്നു. അതായത് ക്രിസ്തീയ പാരമ്പര്യത്തിന്റെ മൗലീക ദൈവശാസ്ത്ര പരിസരത്തിൽ ബിഷപ്പ് ബലഹീന സമൂഹത്തിന്റെ പ്രതിനിധാനമാണ്. ദൗർഭാഗ്യവശാൽ, ക്രിസ്തീയ വിശ്വാസം സാമ്രാജ്യത്തിന്റെ മതമായപ്പോൾ, കോൺസ്റ്റന്റീനിയൻ കാലഘട്ടം മുതൽ ബ്രഹദധികാരത്തിന്റെ അനുബന്ധമാക്കപ്പെട്ടു. ഇത്തരത്തിൽ ആത്യന്തികവൽക്കരിക്കപ്പെട്ട അധികാരത്തിന് വഴങ്ങിക്കൊടുത്ത സഭയിലെ ശുശ്രൂഷാസ്ഥാനങ്ങളെ ഒഴിവാക്കപ്പെടുന്നവരുടെ, നാടുകടത്തപ്പെടുന്നവരുടെ, കുറ്റവാളികളാക്കപ്പെടുന്നവരുടെ പക്ഷം ചേർന്ന് പരസ്യവീണ്ടെടുപ്പിന് ശ്രമിക്കുന്ന പ്രത്യധികാരത്തിന്റെ പ്രതിനിധിയാണ് ബിഷപ്പ് മാരിയാൻ. അവരുടെ പ്രഭാഷണം അധികാരത്തോടുള്ള തുറന്ന് പറച്ചിലാണ്.

ട്രമ്പിന്റെ 2016 ലെ ആദ്യത്തെ അധികാരാരോഹണത്തിന്റെ പശ്ചാത്തലത്തിൽ മാർത്താ നൂസ് ബോം എഴുതിയ *ഭയത്തിന്റെ പരമാധികാരം* എന്ന പുസ്തകം ഗൗരവവായനയർഹിക്കുന്നു. ആഗോളീകരിക്കപ്പെട്ട ലോകം ഒരു ഭയന്ന കുടുംബമാണ് എന്നും കഠിന പോരാട്ടങ്ങളിലൂടെ ദേശങ്ങൾ നേടിയ ജനാധിപത്യ പാരസ്പര്യത ഭയത്തിന്റെ പരമാധികാരങ്ങളായി പരിണമിക്കുന്നു എന്നതാണ് ഈ പുസ്തകത്തിന്റെ ഒറ്റവരി സംഗ്രഹം. അതിരില്ലാത്ത ആത്മാരാധന വിറ്റഴിക്കപ്പെടുന്ന ഈ കാലത്ത് കപടമായി നിർമ്മിക്കപ്പെടുന്ന അരക്ഷിതബോധം അപരപീഡനത്തിന് പ്രേരിപ്പിക്കുക മാത്രമല്ല മറ്റുള്ളവരെക്കുറിച്ചുള്ള നിർമ്മിതകളവുകളിൽ ആത്മസുരക്ഷ ഉറപ്പിക്കുന്നു. അരക്ഷിതനായ ഏകാധിപതിയാണ് ഭയത്തിലൂടെ ഭരിക്കുന്നത്. നൂസ് ബോമിന്റെ വിശകലനത്തിൽ അരക്ഷിത ബോധത്തിൽ നിന്നുരുവാകുന്ന ഭയം തുടർന്ന് ദേഷ്യം, വിദ്വേഷം, അസൂയ തുടങ്ങിയ അധമവികാരങ്ങളെ സാമൂഹികവും രാഷ്ട്രീയവുമായി ഉൽപ്പാദിപ്പിക്കുന്നു. നവീകരണ വിരുദ്ധത, അപരവിദ്വേഷം, സ്ത്രീ വിദ്വേഷം എന്നിവ പ്രബലമാകുന്നത് ഭയത്തിന് പരമാധികാര സ്വഭാവമുണ്ടാകുമ്പോഴാണ്. പൗലോസ് അപ്പോസ്തലൻ 1 കൊരി.13 ൽ പറയുന്നതുപോലെ സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും സഹവാസത്തിലെ പ്രതീക്ഷയാണ് ഭയത്തിന്റെ പരമാധികാരത്തെ അതിജീവിക്കാൻ നൂസ് ബോം മുന്നോട്ട് വയ്ക്കുന്ന പുരോഗമനപരമായ മൗലീകതത്വം.

അഹങ്കാരവും അതിക്രമവും ആരാധിക്കപ്പെടുന്ന ഈ കെട്ടകാലം ഏറ്റവും ഭയപ്പെടുന്നത് സ്നേഹത്തേയാണ്. സ്നേഹിക്കാനും ദയ കാണിക്കാനും നമ്മൾ ഭയപ്പെടുന്നു. ധനം, സ്ഥാനമാനങ്ങൾ, അധികാരം തുടങ്ങിയവ വിശുദ്ധ ബിംബങ്ങളാകുമ്പോൾ, ഇവകളുടെ ധാരാളിത്തമുള്ളവർ മതരാഷ്ട്രീയ നിയന്ത്രണ സ്ഥാനങ്ങളിലേക്ക് ആനയിക്കപ്പെടുമ്പോൾ, ഒരർത്ഥത്തിൽ നോർമലൈസ് ചെയ്യപ്പെടുന്നത് അഹങ്കാരവും അതിക്രമവുമാണ്. റാഡിക്കൽ ഈവിൾ എന്ന ഇമ്മാനുവൽ കാന്റിന്റെ വിശകലനപരിസരം ബ്രഹദധികാര ആവിഷ്ക്കരണങ്ങളിലേക്ക് അതിവേഗം അധോഗമിക്കുന്ന ജനാധിപത്യ വ്യവസ്ഥകളെ പഠിക്കാൻ സഹായകമാണ്. നീതിയുടേയും ധാർമ്മികതയുടേയും ഫ്രേം വർക്കിൽ നിന്നു ധനം, അധികാരം, സാമൂഹികസ്ഥാനം തുടങ്ങിയ ആർജ്ജിത മൂല്യങ്ങൾ ഒഴിവാകുമ്പോൾ അവശേഷിക്കുന്നത് തിന്മയുടെ മൗലീകതയാണ് എന്ന് കാന്റ് നിരീക്ഷിക്കുന്നു.

ഇത്തരത്തിലുള്ള സാമൂഹികഘടനയിൽ പ്രബലപ്പെടുന്നത് പകയും വിദ്വേഷവുമാണ്. ഇക്കാലത്ത് അനുഭവൈകമായ അധികാരങ്ങൾക്കും അധികാരത്തിന്റെ ലോക്കലൈസ്ഡ് ഏജൻസികൾക്കും പൊതുവെ ഈ സ്വഭാവമാണ്. സമൂഹത്തെ നിർവചിച്ച് നിലനിർത്തുന്ന, നിലനിർത്തേണ്ട നൈതീക ധാർമ്മിക ചട്ടക്കൂടിൽ നിന്നും അടിസ്ഥാനപ്രമാണങ്ങളിൽ നിന്നും തന്നിഷ്ടപ്രകാരം ഒഴിവായി സർവ്വാധികാരവും അധികാരിയിലേക്ക് ചുരുങ്ങുകയും അയാൾ എക്സെപ്ഷണൽ ഐക്കൺ ആയി സ്വയം വിശ്വസിക്കുകയും അതിനെ കൂട്ടാളി സംഘങ്ങളിലൂടെ പ്രൊപ്പഗൈസ് ചെയ്യുന്നിടങ്ങളിൽ അധികാരം തിന്മ നിറഞ്ഞതാകുന്നു.

അതുകൊണ്ട്, അധികാരം സ്നേഹത്തെ ഭയക്കുന്നു; വെറുപ്പും വിദ്വേഷവും ഘടനാപരമായി വളർത്തുന്നു. പകയും പിണക്കവും പ്രതികാരവും നിരന്തരം നിശ്വസിക്കുന്നവരെ, വിശേഷിച്ച് അധികാരികളെ നമ്മൾ തിരഞ്ഞെടുക്കുന്നു, ആരാധിക്കുന്നു. അടിച്ചമർത്തപ്പെട്ടവരുടെ ഇടയിൽ തന്നെ ആരാധകരും കൂട്ടാളികളും ഉള്ളതിനാലാണ് ഏത് അധികാരിയും അധികാരവും പ്രബലമാകുന്നത്. പരസ്പരം വെറുക്കാനും പഴിക്കാനും നിഗ്രഹിക്കാനുമൊക്കെ മാന്യമായിത്തന്നെ പ്രേരിപ്പിച്ച് അവർ സമൂഹത്തെ കലക്കി മറിക്കും. കലക്കവെള്ളം അടിത്തട്ടിനെ മറക്കുമെന്ന് പറയുന്നതുപോലെ അപരവിദ്വേഷത്തെ പ്രത്യയശാസ്ത്രവൽക്കരിച്ചും കോൺസ്റ്റിറ്റ്യൂഷണലൈസ് ചെയ്തും' മാനവീകതയെ അവർ ഡീമോറലൈസ് ചെയ്യും. സ്നേഹിക്കാനും ക്ഷമിക്കാനുമുള്ള പ്രത്യധികാര ആഹ്വാനങ്ങളോട് അതിനാൽ തന്നെ അവർ അസഹിഷ്ണരാകും.



അതുകൊണ്ട് തന്നെ, അധികാരം സ്നേഹത്തെ ഭയക്കുന്നു. കാരണം സ്നേഹം അധികാരങ്ങൾക്കും അധികാരികൾക്കും നിയന്ത്രിക്കാനാകാത്ത ഒരു ബദൽ ലോകമുരുവാക്കുന്നു.